കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി6/1454/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ

തീയതി.14.12.16

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി6/1454/16 തീയതി. 14-12-16

## ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്
## 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള
## ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2015 മുതൽ 31.03.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ.സലിം,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 18.11.16 മുതൽ<br>26.11.16 വരെ | ശ്രീമതി.സുജ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.ചന്ദ്രശേഖരൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ശ്രീകാന്ത്.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീമതി.ശ്യാമളാ ദേവി | 01.04.2015 മുതൽ<br>02-11-.2015 വരെ |
| 2 | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി. | 3-11-2015 മുതൽ<br>30-11-2015 വരെ. |
| 3 | പ്രൊഫ.വി.വാസുദേവൻ. | 01.12.2015 മുതൽ<br>31.03.2016 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീമതി.സബീന എസ്സ്.(സെക്രട്ടറി ഇൻ ചാർജ്ജ്. | 1-4-2015മുതൽ<br>21-7-2105വരെ |
| 2. | ശ്രീമതി.ശുഭാദേവി. | 22-7-2015മുതൽ<br>31-3-2016 വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.ഷാനിദാബീവി. | 01.04.2015 മുതൽ 31.03.2016 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.ബീന. | 1-4-2015 മുതൽ 31.03.2016 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്രീകുമാരി.പി. | 01.04.2014 മുതൽ 31.03.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ദിവ്യജയറാംദാസ് | 01.04.2015 മുതൽ 31.03.2016 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.റസീന. | 01.04.2015 മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ബോബൻ.ജെ. | 01.04.2015 മുതൽ 31.03.2016 വരെ |
| 8 | പ്രധാനാദ്ധ്യാപിക ഗവ.എൽ.പി.എസ്. | ശ്രീമതി.പ്രസന്നകുമാരി. | 01.04.2015 മുതൽ 31.03.2016 വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സബീന.എസ്സ് | 01.04.2015 മുതൽ 31.03.2016 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഷൈലജ. | 01.04.2015 മുതൽ 31-3-2016വരെ |
| 11 | വി.ഇ.ഒ (കട്ടച്ചിറ) | ജയലാൽ.ജി. | 01-04-2015 മുതൽ 31.03.2016 വരെ |
| 12 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ഇന്ദുശ്രീ. | 01.04.2015 മുതൽ 7-6-2015 വരെ |
| | | ശ്രീമതി.ലക്ഷ്മി.സി.എസ്സ് | 8-6-2015 മുതൽ 31-3-2016 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ |

| | | |
|---|---|---|
| | | 1-11 വരെ |
| | ഭാഗം 2 | |
| 2 | വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് - ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്ക്കരിച്ചു | 2-1 |
| 3 | അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ് | 2-2 |
| 4 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 2-3 |
| 5 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-4 |
| 6 | ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക – രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ നിലവിലുള്ള കടമുറികളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല | 2-5 |
| 7 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനതു ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 2-6 |
| | ഭാഗം 3 | |
| 8 | അഗതി ആശ്രയ – പദ്ധതി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. അഗതികൾ അവഗണിക്കപ്പെടുന്നു | 3-1 |
| 9 | റോഡ്കോൺക്രീറ്റ് അധികനിരക്ക് അധിക നിരക്ക് അനുവദനീയമല്ല | 3-2 |
| 10 | തൊഴിലുറപ്പു പദ്ധതി മെറ്റീരിയൽ വർക്ക് - വാറ്റ് ഈടാക്കിയില്ല | 3-3 |
| 11 | പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം, നിർവ്വഹണം - അപാകതകൾ | 3-4 |
| 12 | പൈപ്പ് ലൈൻ നീട്ടൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-5 |
| 13 | ഓഡിറ്റ് ഇംപാക്റ്റ് | 3-6 |
| 14 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ - പ്രവർത്തനങ്ങൾ പൂർത്തിയായില്ല | 3-7 |
| 15 | മൾട്ടി പർപ്പസ് സ്കാനർ - റിപ്പയർ ചെയ്തു ഉപയോഗപ്രദമാക്കണം | 3-8 |
| 16 | സമഗ്ര നെൽകൃഷി വികസനം - ചെറുകിട – നാമമാത്ര കർഷകരുടെ പരിധിയ്ക്കു മുകളിൽ വരുന്ന പാട്ടകൃഷിക്കാർക്കു സബ്സിഡി അനുവദിച്ചു. | 3-9 |

| | | |
|---|---|---|
| 17 | കിണർ നിർമ്മാണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചു. | 3-10 |
| 18 | പട്ടികജാതി കോളനികളിൽ കുഴൽ കിണർ സ്ഥാപിക്കൽ - ഗുണഭോക്തൃസമിതി രൂപീകരിച്ചില്ല, പദ്ധതി പൂർത്തീകരിച്ചില്ല | 3-11 |
| | ഭാഗം 4 | |
| 19 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-10 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 17.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 158127802 | 168764000 |
| വാർഷികകണക്കുപ്രകാരം | 80508186 | 72615743 |

ബഡ്ജറ്റ് പ്രകാരമുള്ള വരവുചെലവുകൾ യഥാർത്ഥ വരവു ചെലവുകളുമായി വളരെ അന്തരം പുലർത്തുന്നു. യാഥാർത്ഥ്യബോധത്തോടെയുള്ള ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.16 | 28.07.16 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33018850 |
| വരവ് | 47489336 |

| | |
|---|---|
| ആകെ | 80508186 |
| ചെലവ് | 72615743 |
| നീക്കിയിരിപ്പ് | 7892443 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4482889 | 12347518 | 16830407 | 14107609 | 2722798 | 83.82 |
| വികസനഫണ്ട് എസ്.സി.പി. | 6602279 | 10008000 | 16610279 | 13112032 | 3498247 | 81 |
| വികസനഫണ്ട് ടി.എസ്.പി. | 22000 | 12000 | 34000 | 0 | 34000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1821923 | 6646000 | 8467923 | 8360666 | 107836 | 98.73 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 3464552 | 3889000 | 7353552 | 2017417 | 5336135 | 27.43 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3532221 | 5000996 | 8533217 | 7291980 | 1241237 | 95.7 |
| പെർഫോമൻസ് ഗ്രാന്റ് | 3999347 | 0 | 3999347 | 3948890 | 50457 | 98.7 |
| എം.എൻ.ആർ.ഇ. ജി.എസ്. | 5071 | 25241880 | 25246951 | 25228116 | 18835 | 99.92 |
| ബി ഫണ്ട് | 0 | 29849114 | 29849114 | 29849114 | 0 | 100 |

1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 171 | 76108586 | 152 | 55731724 | 19 | - | 89 |

1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 17ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 5844012 | 4619588 | (-)1224424 | (-)21% |
| നികുതിയേതര വരവുകൾ | 1816212 | 1549431 | (-)266781 | (-)15% |
| മറ്റ് വരവുകൾ | 263892 | 382032 | (+)118140 | (+)45% |
| ആകെ | 7924116 | 6551051 | 1373065 | (-)17.32% |

1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 409200 | 217 |
| കർഷകതൊഴിലാളി പെൻഷൻ | 8777010 | 1136 |
| വിധവാപെൻഷൻ | 11729840 | 1151 |
| വാർദ്ധക്യകാലപെൻഷൻ | 4482990 | 1351 |
| വികലാംഗപെൻഷൻ | 3374010 | 325 |
| അവിവാഹിതപെൻഷൻ | 861440 | 87 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 210000 | 7 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.16 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 11,888/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ഓഫീസ് ഉത്തരവ് വഴി ജോലി വിഭജനം നടത്തിയിട്ടുണ്ട്. സൂചിക സോഫ്റ്റ് വെയർ വഴി ഓഫീസ് നടപടികൾ തുടങ്ങി വച്ചെങ്കിലും പൂർണ്ണരൂപത്തിൽ പ്രവർത്തനക്ഷമമല്ല. ഐ.എസ്സ്.ഒ സർട്ടിഫിക്കേഷനുവേണ്ടിയുള്ള നടപടികളും പൂർത്തിയായില്ല. രജിസ്റ്ററുകളും, രേഖകളും തയ്യാറാക്കുന്നതിനും ഓഡിറ്റിന് ഹാജരാക്കുന്നതിനും വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടുണ്ട്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2016 | 30.09.2016 വരെ | 21.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.10.2001 | 1999-2000 | 11.02.2002 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് --ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ചു

തൻവർഷം കെട്ടിട നമ്പർ നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി, നികുതി പരിഷ്കരണവു മായി ബന്ധപ്പെട്ട വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടുള്ള നിരക്കുകളിൽ നിർണ്ണയിച്ചിരുന്നില്ല.

| വാർഡ്/ കെട്ടിട നം | ഉടമസ്ഥൻ | കെട്ടിട ത്തിന്റെ ഉപയോഗം | കെട്ടിടത്തിന്റെ ഏരിയ ച.മീ. | ഈടാക്കിയ നിരക്ക്/ച.മീ | ഈടാക്കേണ്ട നിരക്ക്/ച.മീ |
|---|---|---|---|---|---|
| XVII/ 383 A | ബാബു/ പത്മജ<br>പത്മ ഭവനം | ചെറുകിട വ്യവസായം | 88 .25 | 15 | 40 |
| X/558 C | ജോർജ്ജ് ചെറിയാൻ<br>കല്ലുപടിപ്പുര പുത്തൻ വീട്ടിൽ | വാണിജ്യം | 101.70 | 30 | 50 |
| XII/524A | അബ്ദുൾ അസീസ്/ ഖദീജബീവി<br>കല്ലിൽ വീട്ടിൽ | ചെറുകിട വ്യവസായം | 40 | 15 | 40 |

വസ്തു നികുതി കുറവായി നിർണ്ണയിച്ചതിനു വിശദീകരണം ഹാജരാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 6) നൽകിയ മറുപടിയിൽ സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി പരിഷ്കരിച്ചിട്ടുള്ളതായി സെക്രട്ടറി മറുപടി ഹാജരാക്കിയിട്ടുണ്ട്. നികുതി നിർണ്ണയത്തിൽ ജാഗ്രത പുലർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്

ബിൽഡിംഗ് പെർമിറ്റുകളുമായി ബന്ധപ്പെട്ട രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമ്മാണങ്ങൾ നേരിൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയും, അനുമതി നൽകിയതിൽ നിന്ന് വ്യതിചലിച്ചും നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) കറ്റാനം ജംഗ്ഷനു വടക്കുഭാഗത്തായി POPE PIOUS സ്കൂളിനു വേണ്ടി ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നു. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണത്തിനു പെർമിറ്റ് നൽകിയതായി കാണുന്നില്ല.

2)സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ എന്ന സ്ഥാപനത്തിനു ഫാർമസ്യൂട്ടിക്കൽ റിസർച്ച് സെന്റർ തുടങ്ങുന്നതിനായി A2.5665/14-15/84 dt:29-09-14 നമ്പരായി പെർമിറ്റ് നൽകിയിരുന്നു. 7977.01 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ രണ്ടു നിലകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. പൂർത്തീകരിച്ച നിലകളുടെ നികുതി നിർണ്ണയം നടത്തിയിട്ടില്ല. ഇതോടനുബന്ധിച്ച് അനുമതിയില്ലാതെ പുതിയ നിർമ്മാണപ്രവർത്തനങ്ങളും നടന്നുവരുന്നു.

3)ശ്രീകുമാർ, ശ്രീനിലയം, സൌത്ത് മങ്കുഴി എന്ന വ്യക്തിയ്ക്കു കോമേഴ്സ്യൽ കെട്ടിടം നിർമ്മിക്കുന്നതിനായി A2/ 4354/15-16/40 dt: 28-07-15 നമ്പരായി ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട്. അംഗീകരിച്ച പ്ളാനിൽ പാർക്കിംഗ് ഏരിയ ആയി കാണിച്ചിട്ടുള്ള 165.8 ച.മീ. ഭാഗം കെട്ടിയടച്ച് കടമുറികളായി മാറ്റിയിട്ടുണ്ട്.

മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വഷണത്തിനു (നം. 7/23-11-16) നൽകിയ മറുപടിയിൽ ക്രമ നം. (1), (2) എന്നിവയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ഉടമകൾക്കു ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 26-11-2016 ൽ നോട്ടീസ് നൽകിയിട്ടുള്ളതായും ക്രമ നം. (3) ൽ പരാമർശിച്ചിട്ടുള്ള കെട്ടിടത്തിന്റെ ഉടമയ്ക്കു നോട്ടീസ് നൽകുന്നതാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം ഗൗരവത്തോടെ വീക്ഷിക്കേണ്ടതും, ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

## 2-3 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ നിരവധി വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെയെല്ലാം വിവരങ്ങൾ ഉൾപ്പെടുത്തി സമ്പൂർണ്ണമായ ഒരു ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഇക്കാരണത്താൽ ഡി & ഓ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നീ വരവിനങ്ങളിൽ ഗണ്യമായ നഷ്ടം സംഭവിക്കാനുള്ള സാധ്യത നിലനിൽക്കുന്നു. വാർഡ് തലത്തിൽ വിവരശേഖരണം നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 പരസ്യ നികുതി ഈടാക്കുന്നില്ല

തനതുവരുമാനം സംബന്ധിച്ച കണക്കുകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിനു പരസ്യനികുതി യിനത്തിൽ വരവുകൾ ലഭിക്കുന്നില്ലായെന്ന് കാണുന്നു. ഗ്രാമ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന പാതയായ കെ.പി റോഡിന്റെ വശങ്ങളിലും മറ്റു പ്രദേശങ്ങളിലും നിരവധി പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ പരസ്യനികുതിയിനത്തിൽ മികച്ച വരുമാനം ലഭിക്കുവാനുള്ള സാധ്യത

നിലനിൽക്കുന്നു. പരസ്യനികുതി സംബന്ധിച്ച ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും, പരസ്യനികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ട താണ്.

## 2-5 ഷോപ്പിംഗ് കോംപ്ളക്സ് കടമുറികളുടെ വാടക-രജിസ്ററുകളിലെ രേഖപ്പെടുത്തലുകൾ നിലവിലുള്ള കടമുറികളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ല.

ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടകയുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ വിവിധ കടമുറികൾക്കു നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം നമ്പർ രേഖപ്പെടുത്തിയതിൽ നിരവധി അപാകതകൾ ഉള്ളതായി കാണുന്നു. ഉദാഹരണമായി രജിസ്ററർ പ്രകാരം റൂം നം. 22, 24(1), 25(1)(2), 26(1)(2)(3) എന്നിവ ആർക്കും വാടകയ്ക്കു നൽകിയിട്ടില്ല. നേരിൽ പരിശോധിച്ചതിൽ നിന്നും റൂമുകൾക്ക് നമ്പർ പതിച്ചിട്ടില്ലായെന്നും കാണുന്നു. പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ ചില ഭാഗങ്ങൾ വ്യക്തികൾ കൈവശം വച്ചിരിക്കുന്നതായും കാണുന്നു. ഉദാ: പുതിയ റൂമുകളുടെ സ്റ്റെയർ ഭാഗം, പഴയ റൂമുകളുടെ പടിഞ്ഞാറുഭാഗത്തുള്ള സ്റ്റെയർ ഭാഗം, കിഴക്കുഭാഗത്തുള്ള ഗ്ലാസ്സ് ഗോഡൗൺ എന്നിവ.

അപാകത പരിഹരിച്ച് വരുമാനച്ചോർച്ച തടയുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തനതു ഫണ്ടിൽ മുതൽക്കൂട്ടിയില്ല

2015-16 ലെ വാർഷിക ധനകാര്യ പത്രിക B-7ഷെഡ്യൂൾ പ്രകാരം 948063/- രൂപ ഡെപ്പോസിറ്റ് നീക്കിയിരുപ്പുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2005-06 മുതൽ 2011-12 വരെയുള്ള 309696/- രൂപ ഉൾപ്പെടുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം കാലഹരണപ്പെട്ട വരവുകൾ തനതു ഫണ്ടിൽ മുതൽക്കൂട്ടുവാൻ നടപടി സ്വീകരിയ്ക്കാവുന്നതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അഗതിആശ്രയ-പദ്ധതി നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. അഗതികൾ അവഗണിക്കപ്പെടുന്നു

ആശ്രയപദ്ധതി പ്രകാരം ഭക്ഷണം, മരുന്ന് തുടങ്ങിയ അതിജീവനാവശ്യങ്ങൾ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് നിറവേറ്റപ്പെടേണ്ടതും, വീട് വക്കാൻ സ്ഥലം, വീട്, കുടിവെള്ളം, കക്കൂസ്, വീട് റിപ്പയർ തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ഫണ്ട് സ്ഥാപനം വഹിക്കേണ്ടതുമാണ്. പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം അടിസ്ഥാന ആവശ്യങ്ങൾക്കായി വിഭാവനം ചെയ്യുന്ന പ്രോജക്ടുകളിലെ ആദ്യഗുണഭോക്താക്കളായി ആശ്രയപദ്ധതി യിൽപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് ഇവരുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ടത്. എന്നാൽ ആശ്രയ പദ്ധതിയിൽപ്പെടുന്നവർക്കായി തുച്ഛമായ തുക വകയിരുത്തി പ്രത്യേക പദ്ധതികൾ തയ്യാറാക്കി ചെലവു ചെയ്യുന്ന രീതിയാണ് പഞ്ചായത്ത് പിൻതുടരുന്നത്. ഏറ്റവും അർഹരായവരുടെ ആവശ്യം നിറവേറപ്പെടുന്നതിന് മുമ്പ് അതിലും ഉയർന്നശേഷിയുള്ള മറ്റുവിഭാഗങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നു. ആശ്രയപദ്ധതിയിൽപ്പെട്ടവരുടെ ആവശ്യങ്ങൾ വർഷങ്ങൾക്കു ശേഷവും നിറവേറപ്പെടാതെ പോകുന്നു. ഇത് ക്രമപ്രകാരമല്ല. അടിസ്ഥാനസൗകര്യ വികസനത്തിൽ അഗതികുടുംബാംഗങ്ങൾക്ക് പ്രഥമപരിഗണന നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ആശ്രയഗുണഭോക്താക്കളുടെ എണ്ണം, അടിസ്ഥാന സൗകര്യങ്ങൾക്ക് ലഭിച്ച ആനുകൂല്യങ്ങൾ ഇവയുടെ വിവരം താഴെ കൊടുക്കുന്നു.

ആനുകൂല്യങ്ങൾ നൽകിയതിന്റെ വിവരങ്ങൾ.

| ഇനം. | ഒന്നാംഘട്ട പ്രോജക്ട് | രണ്ടാംഘട്ട പ്രോജക്ട് |
|---|---|---|

| | | |
|---|---|---|
| | | |
| ഗുണഭോക്താക്കളുടെ എണ്ണം. | 35 | 68 |
| വീട് വെക്കാൻ സ്ഥലം ആവശ്യമുള്ളവർ. | 28 | 5 |
| നാളിതുവരെ ആനുകൂല്യം ലഭിച്ചവർ | - | - |
| വീട് ആവശ്യമുള്ളവർ | 35 | 13 |
| വീട് ലഭിച്ചവർ | 14 | 3 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | - | 6 |
| ആനുകൂല്യം ലഭിച്ചവർ | - | - |
| കക്കൂസ്സ് ആവശ്യമുള്ളവർ | 35 | 14 |
| നാളിതുവരെ ലഭിച്ചവർ | 35 | 14 |
| കുടിവെള്ളം ആവശ്യമുള്ളവർ | 34 | 9 |
| നാളിതുവരെ ലഭിച്ചവർ | 15 | - |
| കരണ്ട് ആവശ്യമുള്ളവർ | - | 8 |
| നാളിതുവരെ ലഭിച്ചവർ | - | - |

ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് അഗതി ആശ്രയ പദ്ധതിക്കായുള്ള ഒന്നാം ഘട്ട ചലഞ്ച് ഫണ്ടിനത്തിൽ 616000രൂപയും രണ്ടാം ഘട്ട ചലഞ്ച് ഫണ്ടിനത്തിൽ 288523രൂപയും ആണ് ലഭിച്ചിട്ടുള്ളത്. ഈ അക്കൗണ്ടിൽ 639217രൂപ 31-3-2016ൽ അവശേഷിക്കുന്നു. ഈ തുകയിൽ ആശ്രയ ചലഞ്ച് ഫണ്ട് അല്ലാതെ മറ്റ് ഫണ്ടുകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വ്യക്തമല്ല.

ഭക്ഷണ, വിദ്യാഭ്യാസ ആവശ്യങ്ങൾക്ക വേണ്ടിയാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കപ്പെടുന്നത്.

അഗതി ആശ്രയപദ്ധതിയിലെ മിക്ക അംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ്. എങ്കിലും ചികിൽസാ സഹായം ലഭിക്കുന്നില്ല. GO(MS)NO.4/2016 DT.11-1-2016 പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗനിർദ്ദേശം അനുബന്ധം 13ഖണ്ഡിക6-3(9) പ്രകാരം അഗതി കുടുംബങ്ങൾക്ക് ചികിൽസാചെലവ് സൗജന്യമായി ലഭ്യമാക്കണമെന്നും ആവശ്യമെങ്കിൽ അഗതിപുനരധിവാസഫണ്ടിൽനിന്നും തുക ചെലവഴിക്കാമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹരായവർക്ക് ചികിൽസാരേഖകളും ബില്ലുകളും ഹാജരാക്കുന്ന മുറക്ക് ചികിൽസാസഹായം നൽകാവുന്നതാണ്. കൂടാതെ ഖണ്ഡിക6-11(9) പ്രകാരം ചലഞ്ച് ഫണ്ടിന്റെ 1% റിസർവ് ഫണ്ടായി സൂക്ഷിക്കാവുന്നതും അഗതികുടുംബാംഗങ്ങൾക്ക് പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങൾ, ആരോഗ്യപ്രശ്നങ്ങൾ ഇവയ്ക്ക് സി.ഡി.എസ്സ് തീരുമാനപ്രകാരം ചെലവഴിക്കാവുന്നതുമാണ്. അഗതികുടുംബങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യ മായ പദ്ധതികൾ തയ്യാറാക്കുന്നതിനും ലഭ്യമായ ഫണ്ട് ചെലവഴിക്കുന്നതിനും ജീവനക്കാരും ഭരണസമതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-2 റോഡ്കോൺക്രീറ്റ് അധിക നിരക്ക് അനുവദനീയമല്ല

ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് ഈ വർഷം ചെലവു നടത്തിയിട്ടുള്ള റോഡ് കോൺക്രീറ്റിംഗ് വർക്കുകളിൽ 1:2:4 കോൺക്രീറ്റിന് DSR11.7പ്രകാരമുള്ള നിരക്കാണ് ഉപയോഗിച്ചു വരുന്നത്. ഈ ഐറ്റം ഫ്ലോറിംഗിനായുള്ളതാണ്. കോൺക്രീറ്റ് ഷഡ്യൂൾ 4.1.3പ്രകാരമുള്ള നിരക്കിനൊപ്പം extra labour in laying in floor കൂടി ചേർത്താണ് ഈ നിരക്കിൽ എത്തിയിട്ടുള്ളത്. റോഡ് വർക്കുകളിൽ ഈ നിരക്ക് ആവശ്യമില്ലാത്തതിനാൽ 4.1.3 യ്ക്ക് പകരം 11.7ഉപയോഗിച്ചത് വഴി കരാറുകാർക്ക് അധികം തുക നൽകാൻ ഇടയായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേരും വിശദാംശങ്ങളും. | DSR | ഇനവിവരം | നൽകിയ നിരക്കും അളവും | അനുവദനീയ മായത് | അധികം നൽകിയത് |
|---|---|---|---|---|---|---|
| 1 | ഇടവിളയിൽ റോഡ് കോൺക്രീറ്റിംഗ് അടങ്കൽ തുക- കരാറുകാരൻ- മുഹമ്മദ്ഹനീഫ 500000 m.bookno.40/AE/15-16 billno61/15-16 dt.2-3-2016 amount-362974/ | 4.1.3 | Cement concrete 1:2:4using 20mm metal | 21.12M$^3$@8391.70 =177232.70 MBOOK.PAGE.12&15 | 21.12@7964.40 = 168208 | 9025 |
| 2 | ചെറുവള്ളിത്തറ കോളനിയിൽ സംരക്ഷണഭിത്തി നിർമ്മാണം നടപ്പാത കോൺക്രീറ്റിംഗ്. കരാറുകാരൻ - സി.എസ്സ്.ഉണ്ണിത്താൻ. എം.ബുക്ക്.40/15-16 അടങ്കൽതുക.960000 bill.no.21/30-9-2015 | | Cement concrete 1:2:4 using 20 mm metal | 32.17m$^3$@7160/ m$^3$(DSR.2013)=230345 | 32.17@6792/m$^3$ =218499 | 11846 |
| 3 | നെടിയാളമുക്ക്- ചെന്നിശേരിമുക്ക് നടപ്പാത കോൺക്രീറ്റിംഗ് | | Cement concrete 1:2:4 using | 17.10M$^3$@8391.70=143498 | 17.10m$^3$@ 7964.40 | 7307 |

| | | | | | | |
|---|---|---|---|---|---|---|
| | എം.ബുക്ക്.നം.47/15-16<br>അടങ്കൽ തുക 580000<br>(2015-16-ലെ ചെലവുതുക-300000)<br>FINAL BILL നൽകിയിട്ടില്ല<br>BILL NO.64/2015<br>DT. 29-3-2016 | | 20 mm metal | | =136191 | |
| 4 | ശാസ്താന്റെ തെക്കടത്ത് നടയിൽ വടക്കിതിൽ റോഡ് കോൺക്രീറ്റിംഗ്<br>എം.ബുക്ക്.NO.10/15-16,.17 /15-16<br>കരാറുകാരൻ-കെ.എസ്സ്.അൻസാർ<br>അടങ്കൽതുക-1200000<br>ചെലവ്-999889/-<br>BILLNO.27/15 DT.3012-2015-698448/-<br>BILLNO.50/15-16 DT.17-2-2016 | | Cement concrete 1:2:4 using 20 mm metal | 11.32M$^3$@8391.70 =94994.04 | 11.32M$^3$@ 7964.40=90157 | 4837 |
| 5 | സി.എം.എസ്സ് എൽ.പി.എസ്സ് മുതൽ തോട്ടുകര വരെ റോഡ് കോൺക്രീറ്റിംഗ്<br>എം.ബുക്ക്.നം.14/15-16<br>കരാറുകാരൻ - അബ്ദുൾജബ്ബാർ.<br>അടങ്കൽതുക-580000<br>ചെലവ്തുക.-514177<br>BILLNO.30/16 DT.30-02-2016 | | Cement concrete 1:2:4 using 20 mm metal | 24M$^3$@8391.70=201400 | 24M$^3$@7964.40<br>=191146 | 10254 |
| 6 | ആയിക്കാട്ട് ക്ഷേത്രം-അംഗൻവാടി റോഡ് കോൺക്രീറ്റിംഗ്<br>എം.ബുക്ക് നം.6/15-16<br>കരാറുകാരൻ - അനീഷ് വർഗ്ഗീസ്സ്.<br>അടങ്കൽതുക305000<br>ചെലവുതുകരൂപ-251149 BILLNO.24 DT.<br>12-10-2015<br>BILLNO.24/30-9-2015 | | Cement concrete 1:2:4 using 20 mm metal | 12.64M$^3$@8391.7=106071 | 12.64@ 7964.40 = 100670 | 5400 |
| 7 | പടിപ്പുരക്കൽ പുന്നത്തറ നടപ്പാത.<br>എം.ബുക്ക്. 8/AE/15-16 | | Cement concrete 1:2:4 using 20 mm | 17.30 M$^3$@ 8391.70<br>=145176 | 17.30M$^3$@ 7964.40=137784 | 7392 |

| | | | | | | |
|---|---|---|---|---|---|---|
| | കോൺട്രാക്ടർ ഷുഹൈബ്.എം.എ.<br>അടങ്കൽതുക-400000<br>ചെലവുതുക2730000+70914<br>BILL.26/15-16<br>11-11-2015<br>CHEQ.NO.431534 DT.30-10-2015 | | metal | | | |
| 8 | ചാങ്ങേത്തറ കരിശ്ശുംമൂട്-ചീരാശ്ശേരി നടപ്പാത<br>എം. ബുക്ക് നം.31/15-16<br>കരാറുകാരൻ<br>സുനിൽകുമാർ.<br>.അടങ്കൽ-1230000<br>ചെലവുതുക-<br>872849രൂ ചെക്ക്നം.854305 DT.15-2-2016 | | Cement concrete 1:2:4 using 20 mm metal | 56.90@7160.27/$M^3$ =407419 | 56.90@6792/$M^3$<br>=386465 | 20954 |
| | ആകെ. | | | | | 77015 |

അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വർക്ക് - വാറ്റ് ഈടാക്കിയില്ല

2015-16 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി കരാർ വിളിച്ചതിൻ പ്രകാരം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.സജീവുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും നടപ്പ വർഷം 5 M3ഗ്രാവലും 12.5 M3 ക്വാറിമക്കും കരാറുകാരനിൽനിന്ന് വാങ്ങുകയും ചെയ്തിരുന്നു. എന്നാൽ വാങ്ങലുമായി ബന്ധപ്പെട്ട ബില്ല് ഹാജരാക്കുകയോ, വാറ്റ് ഒടുക്കുകയോ ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അളവ് | വില | വാറ്റ്% | ഈടാക്കേണ്ട വാറ്റ് |
|---|---|---|---|---|
| ഗ്രാവൽ- | 5m3 | 4750 | 5% | 237 |
| ക്വാറിമക്ക്- | 12.5m3 | 10587.50 | 14.5% | 1534 |
| | | | ആകെ | 1771 |

വാറ്റ് ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-4 പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം, നിർവഹണം - അപാകതകൾ

ഒരു അസ്സിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറുമാരുടെയും തസ്തികകളാണ് എഞ്ചിനീയറിംഗ് വിഭാഗത്തിലുള്ളത്. ഇതിൽ ഒരു ഓവർസിയറുടെ പോസ്റ്റ് ഒഴിഞ്ഞു കിടക്കുന്നു. പശ്ചാത്തല മേഖലയിൽ മറ്റ് മേഖലകളെ അപേക്ഷിച്ച് കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നുണ്ട്. പദ്ധതി തുക വിവിധ വാർഡുകളിലായി വീതിച്ച് നൽകുന്ന പ്രവണത തുടരുന്നതിനാൽ ചെറിയ അടങ്കലുള്ള അനേകം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ ഈ വിഭാഗം നിർബന്ധിതമാകുന്നു. 2015-16 വർഷം 91 പ്രോജക്ടുകൾക്കായി 35858384 രൂപ വകയിരുത്തുകയും 26132244 രൂപയ്ക്ക് 74 പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്തു. പ്രോജക്റ്റുകളുടെ ബാഹുല്യം കാരണം പരിമിതമായ സ്റ്റാഫ് മാത്രമുള്ള സാഹചര്യത്തിൽ മുഴുവൻ സൈറ്റുകളും സന്ദർശിച്ച് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധ്യമല്ല. ഇത് മരാമത്ത് പണികളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അടങ്കൽ തുകയിൽ വർദ്ധനവ് വരുത്തിക്കൊണ്ട് പ്രോജക്ടുകളുടെ എണ്ണത്തിൽ കുറവു വരുത്തുന്നതിനും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ വർഷാരംഭം മുതൽ തന്നെ തുടങ്ങുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-5 പൈപ്പ് ലൈൻ നീട്ടൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. 75/15-16

തുക .1,02,000 രൂപ(വികസന ഫണ്ട്)

ചെക്ക്/ഡി.ഡി.നം.81500156/16.3.16

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ അമ്പാടി ജംഗ്ഷൻ -കാടംപള്ളി ജംഗ്ഷൻ പൈപ്പ് ലൈൻ നീട്ടൽ എന്ന പദ്ധതിയ്ക്കായി 2015-16 ൽ നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചുവെങ്കിലും പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി പൂർത്തീകരണത്തിൽ വന്ന കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറിയ്ക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള ( നം.5 / 22.11.16) മറുപടിയിൽ നിർവ്വഹണ ഏജൻസി പദ്ധതിയുടെ എസ്റ്റിമേറ്റ് 1,30,000/- രൂപയായി പുതുക്കി നിശ്ചയിച്ചുവെന്നും അതു പ്രകാരം ബാക്കി 28,000/- രൂപയ്ക്ക് 2016-17 വാർഷിക പദ്ധതിയിൽ വികസന ഫണ്ട് (ജനറൽ) ൽ തുക വകയിരുത്തി ട്രഷറിയിൽ ബിൽ സമർപ്പിച്ചിട്ടുണ്ടെന്നും എസ്റ്റിമേറ്റിൽ വന്ന വ്യത്യാസം മൂലമാണ് പദ്ധതി ആരംഭിക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട് .

പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-6 ഓഡിറ്റ് ഇംപാക്ട്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായ തെരുവുവിളക്ക് അറ്റകുറ്റപ്പണി (സ്പിൽ ഓവർ), തെരുവുവിളക്ക് അറ്റകുറ്റപ്പണി - എ.എം.സി, ഹൈമാസ്റ്റ് ലൈറ്റിന് എ.എം.സി എന്നീ പദ്ധതികളിൽ നിയമാനുസൃതമായി സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട 1% ആദായ നികുതി(സെക്ഷൻ 194 സി ) ഈടാക്കാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചു നല്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്നം./പേര് | അനുവദിച്ച തുക | ചെക്ക്/ ഡി.ഡി.നം | ഈടാക്കേണ്ട ആദായ നികുതി | കരാറുകാരന്റെ പേര് |
|---|---|---|---|---|---|
| 1. | 37/15-16 തെരുവുവിളക്ക് അറ്റകുറ്റപ്പണി(സ്പിൽ ഓവർ) | 4,50,000 | 1543/18.8.15 (തനതു ഫണ്ട് ) | 4500 | ശ്രീ.ജോസ് ഡാനിയേൽ |
| 2. | 37/15-16 തെരുവുവിളക്ക് അറ്റകുറ്റപ്പണി(സ്പിൽ ഓവർ) | 24,580 | 59399/20.2.16 (വികസന ഫണ്ട്) | 249 | ശ്രീ.ജോസ് ഡാനിയേൽ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3. | തെരുവ് വിളക്ക് അറ്റകുറ്റപ്പണി എ.എം.സി | 4,99,375 | 81500131/4.2.16 (വികസന ഫണ്ട്) | 4994 | ശ്രീ.രാധാകൃഷ്ണ പിള്ള |
| 4. | ഹൈമാസ്റ്റ് ലൈറ്റിന് എ.എം.സി | 36,875 | 1977/27.11.15 | 369 | ശ്രീ.ശ്രീകുമാരൻ തമ്പി |
| | | | ആകെ | 10,112 | |

കേന്ദ്ര സർക്കാരിന് നഷ്ടമായ മേൽ തുകകൾ കരാറുകാരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കുവാൻ സെക്രട്ടറിയ്ക്ക് ഓഡിറ്റ് അന്വേഷണം (നം.2/ 21.11.16) നല്കിയതിനെ തുടർന്ന് ക്രമ നം. 1,2 എന്നിവയിലെ കരാറുകാരനായ ശ്രീ.ജോസ് ഡാനിയേൽ 4749/- രൂപ ഒടുക്കി 24.11.16 ൽ രസീത് ഹാജരാക്കി.

ക്രമ നം. 3 ലെ കരാറുകാരനായ ശ്രീ.രാധാകൃഷ്ണ പിള്ളയ്ക്ക് 2016-17 ൽ നൽകുവാനുള്ള തുകയിൽ നിന്നും പരാമർശിത തുക ഈടാക്കാമെന്നും, ക്രമ നം. 4 ലെ കരാറുകാരനായ ശ്രീ.ശ്രീകുമാരൻ തമ്പിയ്ക്ക് തുക ഒടുക്കുന്നതിനുള്ള നോട്ടീസ് നല്കിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ - പ്രവർത്തനങ്ങൾ പൂർത്തിയായില്ല

പ്രോജക്ട് നം./പേര് : 42/15-16 --ഐ.എസ്.ഒ.സർട്ടിഫിക്കേഷനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ

ചെക്ക് നം/തീയതി: 2507/16.02.16

തുക : 2,05,868 /-രൂപ (തനതു ഫണ്ട്)

ഗ്രാമ പഞ്ചായത്തിന് ഐ.എസ് .ഒ. സർട്ടിഫിക്കേഷൻ (I S O 9001 :2008 ) ലഭിയ്ക്കുന്ന നടപടികളുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ 2014-15 ൽ ആരംഭിച്ചു. 3,70,000/- രൂപ തനതു ഫണ്ടിൽ നിന്നും അടങ്കൽ വച്ചിട്ടുള്ള പദ്ധതി സ്പിൽ ഓവറായി 2015-16 ൽ നടപ്പാക്കി. ടച്ച് സ്ക്രീൻ, ടോക്കൺ മെഷീൻ, ടെലിവിഷൻ, ഹോട്ട് വാട്ടർ സംവിധാനം, വേസ്റ്റ് ബിൻ, ചെയർ, കൺസൾട്ടൻസി ചാർജ്, സർട്ടിഫിക്കേഷൻ എന്നിവയാണ് പദ്ധതിയുടെ പ്രവർത്തന ഇനങ്ങൾ. സെലസ് കൺസൾട്ടൻസി സർവ്വീസ്, എഴുപുന്ന, ആലപ്പുഴ എന്ന സ്ഥാപനത്തെ പദ്ധതി നടത്തിപ്പിന്റെ കൺസൾട്ടന്റായി തെരഞ്ഞെടുത്ത് 04.03.2016 ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ തീയതി മുതൽ ആറുമാസത്തിനകം പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്നാണ് കരാർ വ്യവസ്ഥ ചെയ്യുന്നത്. 2016-17 ൽ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഫ്രണ്ട് ഓഫീസ് നവീകരണം, റെക്കോർഡ് റൂം രൂപീകരണം, ഫയലുകൾ ക്രമപ്പെടുത്തൽ, നിർവ്വഹണ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലനം എന്നിവ നടപ്പാക്കി വരുന്നു.

ഈ പദ്ധതി പ്രകാരം 2015-16 ൽ കോട്ടയം സിഡ്കോ സെയിൽ എംപോറിയത്തിൽ നിന്നും ഫ്രണ്ട് ഓഫീസിൽ സ്ഥാപിയ്ക്കുവാനുള്ള ടച്ച് സ്ക്രീൻ കിയോസ്ക്, ടെലിവിഷൻ, സ്പീക്കർ -ഡിസ് പ്ലേ എന്നിവയോടു കൂടിയ ടോക്കൺ മെഷീൻ എന്നിവ വാങ്ങി. ടെലിവിഷനും ടോക്കൺ മെഷീനും ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ച് ഉപയോഗിയ്ക്കുന്നുവെങ്കിലും ടച്ച് സ്ക്രീൻ കിയോസ്ക് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. സൂചിക സോഫ്റ്റ് വെയർ വഴിയുള്ള ഫയൽ നീക്കം സുഗമമായി നടപ്പാക്കുവാൻ വരുന്ന കാലതാമസം മൂലമാണ് ടച്ച് സ്ക്രീൻ കിയോസ്ക് നിലവിൽ ഉപയോഗിയ്ക്കുവാൻ സാധിയ്ക്കാത്തതെന്നാണ് അറിയിച്ചിട്ടുള്ളത്.

ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകിയും ടച്ച് സ്ക്രീൻ കിയോസ്ക് സ്ഥാപിച്ചും, പദ്ധതി ലക്ഷ്യം വയ്ക്കുന്ന എല്ലാ പ്രവർത്തനങ്ങളും നടപ്പാക്കി പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ പഞ്ചായത്തിൽ

നിന്നും ലഭ്യമാകുന്ന രീതിയിൽ പദ്ധതി നടപ്പാക്കേണ്ടതാണ്.

## 3-8 മൾട്ടിപർപ്പസ് സ്കാനർ–റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കണം

പ്രോജക്ട് നം. 91/15-16—പഞ്ചായത്ത് ഓഫീസിന് മൾട്ടിപർപ്പസ് സ്കാനർ

ചെക്ക് നം/തീയതി: ഡി.ഡി.നം.58785/26.10.15

തുക : 1,75,728 /-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

പഞ്ചായത്ത് ഓഫീസ് ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ, രേഖകൾ, എന്നിവ വിവിധ സെക്ഷനുകളിലേക്ക് സ്കാൻ ചെയ്ത് നല്കി കമ്പ്യൂട്ടർവൽക്കരണവും സേവനം മെച്ചപ്പെടുത്തലും എന്ന ലക്ഷ്യം നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് റൂട്രോണിക്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതാണ് മൾട്ടിപർപ്പസ് സ്കാനർ. എന്നാൽ ഇത് സ്ഥാപിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ തന്നെ ഇത് കേടു വന്നിട്ടുള്ളതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി.

കേരള സ്റ്റേറ്റ് റൂട്രോണിക്സുമായി 04.09.15 ൽ ഏർപ്പെട്ട കരാർ പ്രകാരം (02/15-16) കരാർ തീയതി മുതൽ ഒരു വർഷം വരെ മാത്രമേ സ്ഥാപനം ഗ്യാരന്റി നല്കുന്നുള്ളൂ. കരാർ സ്ഥാപനത്തിൽ നിന്നും സേവനം ലഭ്യമല്ലാത്ത സാഹചര്യത്തിൽ മൾട്ടിപർപ്പസ് സ്കാനർ അടിയന്തിരമായി റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 സമഗ്ര നെൽകൃഷി വികസനം--ചെറുകിട-നാമമാത്ര കർഷകരുടെ പരിധിയ്ക്കു പുറത്തുള്ള കൃഷിക്കാർക്ക് സബ്സിഡി അനുവദിച്ചു

പ്രോജക്ട് നം : 23 / 16

ബിൽ നം JA -05 /15-16 തീ : 28-03-16
തുക : 399600/-

അടങ്കൽ : 900000 (400000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് 500000 ഗുണഭോക്തൃ വിഹിതം)

നെൽകൃഷിയുമായി ബന്ധപ്പെട്ട് നിലം ഒരുക്കുന്നതിനു 150 ഗുണഭോക്താക്കൾക്കു കൂലിച്ചെലവു നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്. പദ്ധതിപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1)പഞ്ചായത്തിൽ സ്വന്തം /പാട്ട കൃഷി ഭൂമി ഉണ്ടായിരിക്കണം.

2)ചെറുകിട – നാമമാത്ര കർഷകർ ആയിരിക്കണം.

3)കുറഞ്ഞത് 10 സെന്റ് കൃഷി ചെയ്യുന്നവരായിരിക്കണം.

പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന വിവരങ്ങൾ ബോധ്യപ്പെടുന്നു.

വെട്ടിക്കോട് പാടശേഖരത്തിന്റെ നടുവിലൂടെയുള്ള TA കനാലിനു കിഴക്കുവശം 75 ഏക്കർ പാടശേഖരം വി.ആർ.രാജപ്പൻ, മാലിശ്ശേരിയിൽ വീട്, കിടങ്ങറ എന്ന വ്യക്തിയ്ക്കും, TA കനാലിനു പടിഞ്ഞാറുവശത്തുള്ള പാടശേഖരം സണ്ണി, മേൽപ്പാടം മുറി, പി.കെ.ശശിധരൻ, പുത്തൻപറമ്പിൽ മേൽപ്പാടം എന്ന വ്യക്തിയ്ക്കും 2014 മുതൽ മൂന്നു വർഷത്തേയ്ക്ക് പാട്ടകൃഷി നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് ടി വ്യക്തികളുമായി കരാറിലേർപ്പെട്ടിരുന്നു. 111 ഹെക്ടറിൽ കൃഷിനടത്തിയതിനു കൂലിച്ചെലവായി 399600 രൂപ ബാങ്ക് അക്കൗണ്ടുകൾ മുഖേന 144വ്യക്തികൾക്കു വിതരണം ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ഹാജരാക്കായിട്ടുണ്ട്. ഇപ്രകാരം വിതരണം ചെയ്ത 399600 രൂപയിൽ വിവിധ തുകകൾ മേൽ വിവരിച്ച പാട്ടകൃഷിക്കാർ വ്യത്യസ്ത വ്യക്തികളുടെ പേരിൽ കൈപ്പറ്റിയിട്ടുണ്ട്. കൃഷി ചെയ്ത ഭൂമിയുടെ ഏരിയ 5 ഏക്കറിൽ താഴെ

പരിമിതപ്പെടുത്തുന്നതിനാണ് പാട്ടകൃഷിക്കാർ ഇപ്രകാരം വ്യത്യസ്ത പേരുകളിൽ സബ്സിഡി കൈപ്പറ്റിയിട്ടുള്ളത്. (ഉദാ: വിതരണ സ്റ്റേറ്റ്മെന്റിലെ ക്രമ നം.1 മുതൽ 47 വരെയുള്ളവ. ഈ ഗുണഭോക്താക്കളിൽ പലരും ഒരേ മേൽവിലാസമുള്ളവരും ഒരേ അക്കൗണ്ട് നമ്പറുകളിൽ ആനുകൂല്യം കൈപ്പറ്റിയവരുമാണ്) പാടശേഖരസമിതികൾ പദ്ധതി നിർവ്വഹണത്തിൽ പ്രത്യക്ഷമായ യാതൊരു പങ്കും വഹിച്ചിട്ടില്ല.

അംഗീകരിച്ച പദ്ധതി, സബ്സിഡി മാർഗ്ഗ രേഖ എന്നിവ അനുസരിച്ച 5 ഏക്കറിൽ താഴെ കൃഷി ഭൂമിയുള്ള കർഷകർക്കാണ് കൂലിച്ചെലവിനുള്ള സബ്സിഡി അനുവദനീയമായത്. 5 ഏക്കറിൽ അധികം കൃഷി ഭൂമിയുള്ള കർഷകർക്ക് ഇപ്രകാരം ആനുകൂല്യം നൽകിയതു മാർഗ്ഗരേഖകളുടെ ലംഘനമാണ്. തരിശുഭൂമിയിൽ കൃഷി ഇറക്കുന്നതിനു പ്രദേശവാസികൾ തയ്യാറല്ലാത്തതിനാലാണ് പഞ്ചായത്തിനു പുറത്തുള്ളവർക്ക് പാട്ടകൃഷിയ്ക്ക് ആനുകൂല്യം നൽകിയതെന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ ബോധിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും നിലവിലുള്ള സബ്സിഡി മാർഗ്ഗരേഖകൾ ലംഘിച്ചതിനാലും തെറ്റായ രീതിയിൽ വിതരണ രേഖകൾ തയ്യാറാക്കിയതിനാലും പദ്ധതിയ്ക്കായി ചെലവഴിച്ച 399600 രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 <u>കിണർ നിർമ്മാണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ചു</u>

2015-16 വർഷം കിണർ നിർമ്മാണത്തിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ രണ്ടു പദ്ധതികളിലായി 29 പേർക്കും വി.ഇ.ഓ നടപ്പിലാക്കിയ പദ്ധതിയിൽ 36 പേർക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ഇടനാട് മേഖലയ്ക്ക് അനുവദനീയമായ സബ്സിഡി തുകയായ 17000 രൂപയാണ് ഓരോ ഗുണഭോക്താവിനും അനുവദിച്ചിട്ടുള്ളത്. 16.11.2013-ലെ സ.ഉ.(എം.എസ്സ്.)നം.362/13/ത.സ്വ.ഭ.വ. ഖണ്ഡിക.5(1) ലെ വ്യവസ്ഥകളിലാണ് കിണർ നിർമ്മാണത്തിനർഹമായ സബ്സിഡിയെപ്പറ്റി പരാമർശിച്ചിട്ടുള്ളത്. ഇതനുസരിച്ച് സംസ്ഥാനത്തെ മൂന്ന് മേഖലകൾക്കും (മലനാട്,ഇടനാട്,തീരപ്രദേശം) വ്യത്യസ്ഥ നിരക്കിലാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഇതനുസരിച്ച് ഈ പദ്ധതിക്ക് സംസ്ഥാനത്തെ മലനാട് ഭാഗങ്ങളിൽ വികസന ഫണ്ടിൽ നിന്നും അനുവദിക്കാവുന്ന പരമാവധി സബ്സിഡി 22,000/-രൂപ ഇടനാട് ഭാഗങ്ങളിൽ അനുവദിക്കാവുന്ന പരമാവധി സബ്സിഡി 17,000/- രൂപ തീരപ്രദേശത്തനുവദിക്കാവുന്ന പരമാവധി സബ്സിഡി 12,000/- രൂപ എന്നീ ക്രമങ്ങളിലാണ്.

കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുബന്ധ സ്ഥാപനമായ ENVIS സെന്റർ കേരള പ്രസിദ്ധീകരിച്ചിരിക്കുന്ന ഭൂപടവും സ്ഥിതിവിവരവും പ്രകാരം സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 76 മീറ്റർ വരെ ഉയരമുള്ള ഭാഗമാണ് ഇടനാട് എന്ന സംജ്ഞയിൽ വരുന്നത്. ഇവരുടെ ഭൂപടം പ്രകാരം ആലപ്പുഴ ജില്ലയിലെ തെക്കൻ മേഖലകളിൽ, സമുദ്ര തീരത്തുനിന്നും 20.കി.മീ വരെയുള്ള പ്രദേശങ്ങൾ തീരപ്രദേശമാണ്. ഇതിൽ നിന്നും ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് പ്രദേശം തീരപ്രദേശമാണെന്ന് വ്യക്തമാകുന്നതാണ്. മാത്രമല്ല ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 21 വാർഡുകളിൽ 1,2,3,4,5,15,16,17,18,19,20,21 എന്നീ വാർഡുകൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ "Ordinary earth (വെള്ള മണ്ണ്)"ഉള്ളതാണെന്നും 8,9,10,11,12 എന്നീ വാർഡുകൾ ഉൾപ്പെടുന്ന കിഴക്കൻ പ്രദേശങ്ങൾ "gravelly earth (ചുവന്ന മണ്ണ്)" ആണെന്നും 6,7,13,14 എന്നീ വാർഡുകൾ ഉൾപ്പെടുന്ന സ്ഥലങ്ങൾ ഭാഗികമായി രണ്ടുതരം മണ്ണുമുള്ള പ്രദേശങ്ങളുമാണ് (12.07.16-ൽ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ). ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥർ ഇതൊന്നും പരിഗണിക്കാതെ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഉൾപ്പെട്ട വ്യക്തികൾ നിർമ്മിച്ച കിണറുകൾക്ക് ഇടനാടിന് ബാധകമായ നിരക്കിലുള്ള സബ്സിഡി അനുവദിച്ചു നൽകുകയാണുണ്ടായത്. താരതമ്യേന കട്ടപ്പം കൂടിയ "gravelly earth (ചുവന്ന മണ്ണ്)" ഉള്ള 8,9,10,11,12 എന്നീ വാർഡുകളിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾ നിർമ്മിച്ച കിണറുകൾക്ക് ഇടനാടിന് ബാധകമായ സബ്സിഡി അനുവദിച്ചുനൽകിയാൽ തന്നെയും Ordinary earth (വെള്ള മണ്ണ്) ഉള്ള 1,2,3,4,5,15,16,17,18,19,20,21 എന്നീ

വാർഡുകളിലെ ഗുണഭോക്താക്കൾക്ക് ഉയർന്ന നിരക്കിലുള്ള സബ്സിഡി അനുവദനീയമല്ല. അതുപോലെതന്നെ ഭാഗികമായി രണ്ടുതരം മണ്ണുമുള്ള പ്രദേശങ്ങളായ 6,7,13,14 എന്നീ വാർഡുകളിലെ ഗുണഭോക്താക്കൾ നിർമ്മിക്കുന്ന കിണറുകൾക്ക് മണ്ണിന്റെ തരമനുസരിച്ചുംവേണം സബ്സിഡി അനുവദിക്കേണ്ടത്. ഇതു പരിഗണിക്കാതെ എല്ലാ ഗുണഭോക്താക്കൾക്കും ഒരേ നിരക്കിൽ സബ്സിഡി അനുവദിച്ചുനൽകി.

ഒരേപഞ്ചായത്തിൽ വ്യത്യസ്ത നിരക്കുകൾ നൽകുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ടും, ഏതൊക്കെ പഞ്ചായത്തുകൾ തീരദേശത്തിൽ ഉൾപ്പെടും എന്നത് സംബന്ധിച്ച് സബ്സിഡി നിർദ്ദേശങ്ങളിൽ വ്യക്തതയില്ലാതിരുന്നതിനാലാണ് അപാകത സംഭവിച്ചത് എന്നും തുടർവർഷങ്ങളിൽ ഇത് ആവർത്തിച്ചിട്ടില്ല എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-11 പട്ടികജാതി കോളനികളിൽ കുഴൽ കിണർ സ്ഥാപിക്കൽ - ഗുണഭോക്തൃ സമിതി രൂപീകരിച്ചില്ല, പദ്ധതി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം. 174/16

നിർവ്വഹണം : അസി.സെക്രട്ടറി

അടങ്കൽ :3700000 (വികസന ഫണ്ട് .scp)

ഡി.ഡി.നം/തീ. 059630 /01-03-16

തുക :3700000

വേളങ്ങാട്ട് കോളനി, പുത്തൻപുരയ്ക്കൽ കോളനി, കുഴവേലിക്കറ്റി കോളനി എന്നീ മൂന്ന് കോളനികളിൽ കുടിവെള്ള പദ്ധതികൾ ആരംഭിക്കുന്നതിനായി 37 ലക്ഷം രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനു മുൻപായി ഗുണഭോക്തൃ സമിതി രൂപീകരിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. പദ്ധതി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്തൃ സമിതി രൂപീകരിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന - അപാകതകൾ

1.ബാങ്ക് അക്കൗണ്ട് പൊരുത്തപ്പെടുത്തിയിട്ടില്ല:- പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ട് നിലനിർത്തിയിരുന്ന ADCB, Kattanam ശാഖയുടെ പാസ്സ് ബുക്ക് പ്രകാരവും, 24.11.16 ൽ ബാങ്കിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരവും 07.06.2013 ൽ ഇടപാടുകൾ അവസാനിച്ചിട്ടുള്ളതും അതിൽ 87928/- രൂപ നീക്കിയിരുപ്പ് ഉള്ളതുമാണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം മുന്നിരുപ്പും, നീക്കിയിരുപ്പും 88178/- രൂപയാണ്.

2. വാർഷിക കണക്കുകൾ പ്രകാരം വാടക കുടിശ്ശിക 20728 /- രൂപയും വാടക രജിസ്റ്റർ പ്രകാരമിത് 67637 /- രൂപയുമാണ്.

3.കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

4. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് & ജില്ലാ പഞ്ചായത്ത് | 2015-16 | 200000 | വികലാംഗ സ്കോളർഷിപ്പ് | 100000 | 100000 |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മഞ്ഞപ്പുഴശ്ശേരി കോളനി പൊതു പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 691325/ 16.2.16 | 35000 | പ്രവൃത്തി പുരോഗതി യിൽ | |
| കേരള വാട്ടർ അതോറിറ്റി | അമ്പാടി ജംഗ്ക്ഷൻ - കാടാംമ്പള്ളി ജംഗ്ക്ഷൻ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 59627/ 1.3.2016 | 102000 | പ്രവൃത്തി പുരോഗതി യിൽ | |
| കേരള ഗ്രൗണ്ട് വാട്ടർ | പട്ടിക ജാതി കോളനികളിൽ കുഴൽ കിണർ സ്ഥാപിക്കൽ | 59630/ 1.3.2016 | 3700000 | പ്രവൃത്തി പുരോഗതി യിൽ | |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | ജി.ഒ നം.268/10 ത.സ്വ.ഭ.വ/ 23.01.2010 | 20688000 | 2862041 | 2862041 | ഇല്ല | ഇല്ല |

4-6. സ്ഥിരനിക്ഷേപങ്ങൾ

-- ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

-- ഇല്ല--

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഖ.4.1.4(2014-15)-ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയം.

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47489336 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 72615743 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 77015 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 399600 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 77015 | ലക്ഷ്മി.സി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 399600 | ഷാനിദാ ബീവി,കൃഷി ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-3 - 1771/-(വാറ്റ്)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2, 2-3, 2-4, 2-5

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീമതി.ഷാനിദാ ബീവി,കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഭരണിക്കാവ് കൃഷി ഭവൻ | മഠത്തിൽ,കടവുങ്കൽ, വള്ളികുന്നം |
| 2 | ലക്ഷി.സി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | ടി.ആർ.ആർ., എ-16, ഫ്രണ്ട് ലെയിൻ, ടെമ്പിൾ റോഡ്, അമ്പലമുക്ക്, തിരുവനന്തപുരം. |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97മുതൽ<br>2005-06 വരെ | എൽ .എഫ്. ജി. എ.5/1832/11/02.02.12 |
| 2006-07മുതൽ 2009-10വരെ | എൽ .എഫ്. ജി. എ.5/1577/13/22.05.14 |
| 2010-11 | എൽ .എഫ്. എ.പി.6/21/2013/20.06.13 |
| 2011-12 | എൽ .എഫ്. എ.പി.6/1007/14/08.10.14 |

| | |
|---|---|
| 2012-13 | എൽ .എഫ്. എ.പി.6/234/15/04.04.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി/ പി6/1615/15/23.01.05 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/ പി6/829/2016/29.07.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/പി6/1454/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി:14-12-2016

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 4-1 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP/P6/1454/16.

Kerala State Audit Department,
District Audit Office, Alappuzha
Date: 14-12-2016

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Bharanikkavu Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Bharanikkavu Gramapanchayat for the year 2015-16 except the observations in Para 4-1 of my audit report properly presents the picture of income and expenditure.

Deputy Director
Kerala State Audit Department
Alappuzha